പതിനാലാം കേരള നിയമസഭ

<u>അഞ്ചാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 161 — 03.05.2017 ൽ മറുപടിയ്ക്ക്

## സെക്രട്ടേറിയറ്റിലെ ഇ-ഫയൽ സംവിധാനം

| | ചോദ്യം<br>**ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്**<br>**ശ്രീ. ടി.എ.അഹമ്മദ് കബീർ**<br>**ഡോ.എം. കെ. മുനീർ**<br>**ശ്രീ. ടി. വി. ഇബ്രാഹിം** | | മറുപടി<br>**ശ്രീ.പിണറായി വിജയൻ**<br>**( മുഖ്യമന്ത്രി)** |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റിൽ നടപ്പിലാക്കിയ ഇ-ഫയൽ സംവിധാനം കാര്യക്ഷമമല്ലെന്ന പരാതി ശ്രദ്ധയിൽവന്നിട്ടുണ്ടോ; പ്രസ്തുത സംവിധാനം പരിഷ്കരിച്ച് കുറ്റമറ്റതാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | സെക്രട്ടറിയേറ്റിൽ നടപ്പിലാക്കിയിട്ടുള്ള ഇ-ഓഫീസ് തൃപ്തികരമായ രീതിയിൽ പ്രവർത്തിക്കുന്ന ഇ-ഫയലിംഗ് സംവിധാനമാണ്. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷാന്ത്യത്തിൽ ഒരേ സമയം കൂടുതൽ ഫയലുകൾ കൈകാര്യം ചെയ്യേണ്ടി വന്നപ്പോഴുണ്ടായ പ്രവൃത്തിഭാരം മൂലം ഇ-ഓഫീസ് സോഫ്റ്റ് വെയറിൽ വേഗതക്കുറവ് അനുഭവപ്പെട്ടിരുന്നു.<br><br>ഇ-ഫയലിംഗ് സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ സോഫ്റ്റ്-വെയർ (ഇ-ഓഫീസ് Version 2) വികസിപ്പിച്ചെടുക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) | പ്രസ്തുത സംവിധാനം മണിക്കൂറുകളോളം പ്രവർത്തിക്കാത്ത സന്ദർഭങ്ങളിൽ ഉദ്യോഗസ്ഥർ നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ; | (ബി) | 2017 മാർച്ച് മാസാന്ത്യത്തിന് ശേഷം ഇ-ഓഫീസിന്റെ പ്രവർത്തനം സാധാരണ നിലയിലായിട്ടുണ്ട്.<br><br>ഇ-ഓഫീസ് സംവിധാനത്തിൽ നേരിട്ട പ്രയാസം സംബന്ധിച്ച് ആപ്ലിക്കേഷൻ ഡെവലപ്പറായ എൻ.ഐ.സി യുടെ ടീം, കേരളാ സ്റ്റേറ്റ് ഐ.റ്റി മിഷന്റെ സാങ്കേതിക സഹായികൾ, കെൽട്രോൺ-ന്റെ നെറ്റ് വർക്ക് ടീം, SeMT എന്നിവർ പരിശോധന നടത്തുകയും |

| | | | |
|---|---|---|---|
| | | | നിലവിൽ പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ ചീഫ് സെക്രട്ടറി തലത്തിൽ ചർച്ച നടത്തുകയും ഭാവിയിൽ ഇത്തരം സ്ഥിതിവിശേഷം ആവർത്തിക്കാതിരുക്കുന്നതിനാവശ്യമായ മുൻകരുതലുകൾ എടുക്കണമെന്ന് എൻ.ഐ.സി -ക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഫയൽ സംബന്ധിച്ച് അന്വേഷണവുമായി എത്തുന്ന പൊതുജനങ്ങളുൾപ്പെടെയുളളവർ നേരിടുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുമോയെന്ന് വിശദമാക്കുമോ? | (സി) | ഇലക്ട്രോണിക്കായും, ഫിസിക്കലായും കൈകാര്യം ചെയ്യുന്ന ഫയലുകളുടെ നീക്കം ഇ-ഓഫീസ് സിറ്റിസൺ ഇന്റർഫേസ് (http:\\eoffice.kerala.gov.in) മുഖേന പൊതുജനങ്ങൾക്ക് ഇന്റർനെറ്റിലൂടെ അറിയുവാൻ സാധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**